




# പാരമ്പര്യവും തിരുവെഴുത്തുകളും



**പാസ്റ്റർ ജേക്കബ് മാമച്ചൻ**

വേർഡ് ഓഫ് ഗോഡ് ചർച്ച്
ദുബായ്, യു.എ.ഇ.

# പാരമ്പര്യവും തിരുവെഴുത്തുകളും

നമ്മൾ രക്ഷിക്കപ്പെട്ടു എന്നാൽ എന്തിൽ നിന്നും എവിടേക്കാണ്?

നിങ്ങൾ ഇപ്പോഴും നിങ്ങളുടെ പാരമ്പര്യങ്ങളിൽ തുടരുന്നവരാണോ? നിങ്ങൾ യഥാർത്ഥത്തിൽ രക്ഷിക്കപ്പെട്ടിട്ടുണ്ടോ? തിരുവെഴുത്തുകളുടെ രഹസ്യങ്ങൾ വെളിപ്പെടുവാൻ കൂടുതൽ വായിക്കുക.

വ്യത്യസ്ത ആളുകളോട് സംസാരിക്കുമ്പോൾ, ഒരു വിശ്വാസത്തിൽ നിന്നോ മതത്തിൽ നിന്നോ സമുദായത്തിൽ നിന്നോ മറ്റൊന്നിലേക്ക് രക്ഷിക്കപ്പെട്ടതിനെക്കുറിച്ചുള്ള അവരുടെ സാക്ഷ്യങ്ങൾ നാം പലപ്പോഴും കേൾക്കാറുണ്ട്. എന്നാൽ നമ്മൾ ചോദിക്കേണ്ട ചോദ്യം ഒരു പ്രത്യേക വിശ്വാസത്തിൽ നിന്നോ അല്ലെങ്കിൽ ഒരു മതവിഭാഗത്തിൽ നിന്നോ നമ്മൾ യഥാർത്ഥത്തിൽ രക്ഷിക്കപ്പെട്ടിട്ടുണ്ടോ?

അപ്പോസ്തോലന്മാർ എങ്ങനെയാണ് പാരമ്പര്യവും തിരുവെഴുത്തുകളും തമ്മിൽ വേർതിരിക്കുന്നത് എന്നതിനെക്കുറിച്ച് നമുക്കൊന്ന് ശ്രദ്ധിക്കാം. അവർ തങ്ങളുടെ അനുയായികളെ സ്നാനപ്പെടുത്തുമ്പോൾ, യഹൂദരോ വിജാതീയരോ എന്ന പേരിൽ അനുയായികൾക്ക് ഉണ്ടായിരുന്ന ലേബലുകളിൽ നിന്ന് അവരെ വേർപെടുത്താനായി ഒരിക്കലും അവരെ സ്നാനപ്പെടുത്തിയില്ല. വാസ്തവത്തിൽ, അവർ ദൈവരാജ്യത്തിൽ ചേരുന്നതിന്റെ ഉദ്ദേശ്യത്തിന് അവരുടെ 'അറിയപ്പെടുന്ന ലേബലുകളുമായി' യാതൊരു ബന്ധവുമില്ല. പ്രവൃത്തികൾ 26:18 ൽ നാം വായിക്കുന്നു 'അവർക്കു പാപമോചനവും എന്നി

ലുള്ള വിശ്വാസത്താൽ ശുദ്ധീകരിക്കപ്പെട്ടവരുടെ ഇടയിൽ അവകാശവും ലഭിക്കേണ്ടതിന് അവരുടെ കണ്ണു തുറപ്പാനും അവരെ ഇരുളിൽ നിന്നു വെളിച്ചത്തിലേക്കും സാത്താന്റെ അധികാരത്തിൽനിന്നു ദൈവത്തിങ്കലേക്കും തിരിപ്പാനും ഞാൻ ഇപ്പോൾ നിന്നെ അവരുടെ അടുക്കൽ അയയ്ക്കുന്നു എന്നു കല്പിച്ചു. 'ഇവിടെ, യഹൂദ അല്ലെങ്കിൽ മറ്റൊരു വിജാതീയ വിശ്വാസത്തിൽ നിന്നുള്ള രക്ഷയെക്കുറിച്ചല്ല, പകരം പൗലോസ് പറയുന്ന ആത്യന്തികമായ രക്ഷ എന്നത്, ശത്രുവിന്റെ ശക്തിയിൽ നിന്നുള്ള വിടുതലാണ്.

യോഹന്നാൻ സ്നാപകൻ സ്നാനപ്പെടുവാൻ ജനത്തെ ആഹ്വാനം ചെയ്യുമ്പോൾ, 'അല്ലയോ! ജൂതന്മാരെ' എന്നല്ല, പകരം ഇപ്രകാരമായിരുന്നു അവൻ വിളിച്ചുപറഞ്ഞത് 'സർപ്പസന്തതികളേ, വരുവാനുള്ള കോപത്തെ ഒഴിഞ്ഞ് ഓടിപ്പോകുവാൻ നിങ്ങൾക്ക് ഉപദേശിച്ചുതന്നത് ആർ'? ജനനം കൊണ്ട് നമ്മൾ വ്യത്യസ്ത മതങ്ങളുമായോ വിശ്വാസങ്ങളുമായോ ബന്ധപ്പെട്ടിരിക്കുന്നു. എന്നാൽ ഒരു പ്രത്യേക മതവിഭാഗത്തിന്റെ വിശ്വാസത്തിൽ നിന്ന് രക്ഷിക്കപ്പെടുന്നതിനെ അടിസ്ഥാനമാക്കി നമുക്ക് രക്ഷ നേടുവാനാവില്ല. രക്ഷയെ, നമ്മുടെ ഭൗമിക വേരുകളുമായി ബന്ധിപ്പിച്ചിരിക്കുന്നതായി കാണുകയാണെങ്കിൽ, അതാണ് പാരമ്പര്യം. നാം അത് അറുത്തു മാറ്റേണ്ടതാണ്. എല്ലാ മനുഷ്യരും പാപത്തിന്റെ കീഴിലാണെന്നതാണ് സത്യം. എന്നാൽ നാം അന്ധകാരത്തിന്റെ ശക്തിയിൽ നിന്ന് ദൈവരാജ്യത്തിന്റെ ശക്തിയിലേക്ക് രക്ഷിക്കപ്പെട്ടിരിക്കുന്നു. നാം പ്രതിയോഗിയിൽ നിന്നും രക്ഷിക്കപ്പെട്ടിരിക്കുന്നു.

ഏത് പ്രതിയോഗി? പഴയനിയമത്തിൽ പ്രശ്നം സൃഷ്ടിച്ചവർ, അവിടെ നിന്ന് നിങ്ങൾ സ്വർഗ്ഗരാജ്യത്തിലേക്ക് രക്ഷിക്കപ്പെടുന്നു. ഇതാണ് അവർ വിശ്വസിക്കുന്നത്, അവരുമങ്ങനെ ചിന്തിക്കുന്നു എന്ന് പലരും വിചാരിച്ചേക്കാം. എന്നാൽ ഒരാൾ ശരിക്കും വിശ്വസിക്കുന്നത് അതാണ് എങ്കിൽ, അവരുടെ ജീവിതശൈലിയും സംസാരവും അത് വെളിപ്പെടുത്തും. നിങ്ങൾ ജന്മം കൊണ്ട് പെന്തക്കോസ്ത് വിശ്വാസിയാണെങ്കിലും, നിങ്ങൾ ഇപ്പോഴും ദൈവകോപത്തിൻ കീഴിലാണ്. രക്ഷ അന്ധകാരത്തിൽ നിന്ന് ദൈവരാജ്യത്തിലേക്കാണ്; നിങ്ങൾ എവിടെയാണെന്നതുമായി അതിന് ബന്ധമില്ല. ഇത് മാത്രം നമുക്ക് വലിയ സന്തോഷം നൽകുന്നു. നമ്മുടെ സന്തോഷം നിർണ്ണയിക്കുന്നത് മെച്ചപ്പെട്ട ഒരു സഭയിലോ സമ്പന്നമായ ഒരു സഭയിലോ പോകുന്നതുകൊണ്ടല്ല, മറിച്ച് നമ്മുടെ സന്തോഷം നമ്മുടെ പഴയ മനുഷ്യന്റെ സമ്പൂർണ്ണ മരണത്തിലും ഒരു പുതിയ മനുഷ്യന്റെ പൂർണ്ണ ജനനത്തിലുമാണ്.

ഒരു സഭയിൽ നിന്ന് മറ്റൊരു സഭയിലേക്ക് ഭൗതിക തലത്തിൽ മാറിയവരും, ഏത് പഠിപ്പിക്കലുകളോടും തുറന്നമനസ്സ് കാണിക്കുന്നവരും, ദൈവവചനത്തിന്റെ വെളിച്ചത്തിൽ വിവേചിച്ചറിയാൻ കഴിയാത്തവരുമായ അനേകർ നമുക്ക് ചുറ്റും ഉണ്ട്. നിങ്ങൾ ഈ വിഭാഗത്തിൽ പെടുമെന്ന് നിങ്ങൾക്കു തോന്നുന്നുവെങ്കിൽ, സൂക്ഷിക്കുക. അന്ധകാരത്തിലുള്ളവരും ദൈവരാജ്യത്തിലുള്ളവരും തമ്മിൽ വലിയ വ്യത്യാസമുണ്ട്.

പ്രിയ വായനക്കാരേ, ഒരു പാരമ്പര്യവും നിങ്ങളെ ഇനി അടിമത്വത്തിൽ നിറുത്തരുത്. യേശുക്രിസ്തുവിന്റെ മരണവും അടക്കവും പുനരുത്ഥാനവും നിങ്ങളെ ഇരുട്ടിന്റെ ശക്തിയിൽ നിന്ന് അവന്റെ രാജ്യത്തിന്റെ ശക്തിയിലേക്ക് രക്ഷിച്ചു. ഇത് എപ്പോഴും നമ്മുടെ സന്തോഷമായിരിക്കട്ടെ.

ദൈവസ്നേഹം എപ്പോഴും നിങ്ങളുടെ ഹൃദയങ്ങളിൽ പ്രകാശിക്കട്ടെ! ആമേൻ.

*"Hey, I would like to know more."*

***Join us at:***


## Word of God Church, Dubai

☎ +971 56 392 1933, +91 90375 88577

+91 90375 88577

wordofgodsons@gmail.com

www.addtofaithblog.com

**Find us on:**

WordofGod Church

thewordofgod_church

WordofGod Church


*Published by Word of God Church, Dubai*